പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4034 27.6.2012-ൽ മറുപടിയ്ക്ക്

## ഉപ്പള ശുദ്ധജലപദ്ധതിയുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ. പി. ബി. അബ്ദുൾ റസാക് | | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള ശുദ്ധജലപദ്ധതിയുടെ പ്രവർത്തനം പുഴയിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ നിലച്ചു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | വേനൽക്കാലത്ത് പുഴയിൽ നീരൊഴുക്ക് കുറവായതിനാൽ പമ്പിംഗ് സമയം ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് വെള്ളം ലഭ്യമാക്കുന്നതിന് അണക്കെട്ട് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി ഒരു വിയർ നിർമ്മിക്കുന്നതിന് 2011 എസ്.എൽ.എസ്.എസ്.സിയിൽ 595 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം റിവൈസ് ചെയ്ത ഡി.ഇ.ആർ പരിശോധിച്ച് ഭരണാനുമതി നല്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഷിറിയ പുഴയിലെ ഇച്ചിലം കോട് നിന്നും വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള കുബനൂർ ടാങ്കിൽ എത്തിച്ചാൽ പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ വെള്ളം യഥേഷ്ടം ലഭിക്കുമോയെന്ന് പരിശോധിക്കുമോ ? | (സി) | പരിശോധിക്കുവാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ